മിനിമം വേജസ് ലംഘനം

*424. [61] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേജസ് നിയമം ലംഘിച്ചതിന് എത്ര മുതലാളിമാരുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) അതിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) മിനിമം വേജസ് നിയമം ലംഘിച്ചതിന് രണ്ട് മുതലാളിമാരുടെ (അശമന്നൂരിലെ, കാറിമണി എന്നീ തോട്ടമുടമകളുടെ) പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആരേയും ശിക്ഷിച്ചിട്ടില്ല. കേസ് നടക്കുന്നതേയുള്ളൂ.

കൊച്ചിൻ ലാൻഡ് മാർട്ട്ഗേജ് ബാങ്കിന്റെ പരിധി.

*425. [62] ശ്രീ. എം. എ. ആൻറണി: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പറവൂർ, കുന്നുകര താലൂക്കുകൾ കൊച്ചിൻ ലാൻഡ് മാർട്ട് ഗേജ് ബാങ്കിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഇൻജിനീയറിംഗ് കോളേജ് പ്രവേശനത്തിനുള്ള തിരഞ്ഞെടുപ്പ്.

*426. [66] ശ്രീ. ടി. ഒ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം ഇൻജിനീയറിംഗ് കോളേജ് പ്രവേശനത്തിന് എത്ര വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു ;

(ബി) എത്ര വിദ്യാർത്ഥികളാണ് അപേക്ഷിച്ചിരുന്നത് ;

(സി) ഏതടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ് നടത്തിയത് ;

(ഡി) വിവിധ സമുദായം തിരിച്ചുള്ള വിദ്യാർത്ഥികളുടെ എണ്ണം എന്തുവീതമാണ് ;

(ഇ) മുസ്ലിങ്ങളിൽനിന്നും എത്ര അപേക്ഷകരുണ്ടായിരുന്നു ;

(എഫ്) അതിൽ എത്രപേർക്ക് പ്രവേശനം നൽകി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 94.

(ബി) 494

(സി) പ്രധാനമായി വിദ്യാർത്ഥികളുടെ യോഗ്യതയനുസരിച്ചാണ് തിരഞ്ഞെടുത്തിട്ടുള്ളത്. സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ വിദ്യാർത്ഥിയുടെ യോഗ്യത, സമുദായത്തിന്റെ ജനസംഖ്യ അപേക്ഷകരുടെ എണ്ണം മുതലായ കാര്യങ്ങൾ പരിഗണിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly